# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് നടന്ന കുറ്റകൃത്യങ്ങൾ</u>

1802 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്താകെ എത്ര കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് നടന്ന കുറ്റകൃത്യങ്ങളുടെ നാളിതുവരെയുള്ള കണക്ക് പ്രത്യേകം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>റിപ്പോർട്ട് ചെയ്യപ്പെട്ട കുറ്റകൃത്യങ്ങൾ</u>

1803 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആകെ എത്ര കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ കുറ്റകൃത്യത്തിന്റേയും ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>കൊലപാതക കേസുകൾ</u>

1804 ശ്രീ.കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര കൊലപാതക കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) കൊലപാതക കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>പൊതുസ്ഥലങ്ങളിലെ പിടിച്ചുപറിയുമായി ബന്ധപ്പെട്ട കേസുകൾ</u>

1805 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിലെ പടിച്ചു പറിയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ ആൾതാമസമുള്ള വീടുകളിലും ആൾതാമസമില്ലാത്ത വീടുകളിലും നടന്ന മോഷണങ്ങളെ സംബന്ധിച്ച കണക്കുകൾ വെവ്വേറെ ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ഭവനഭേദന കേസുകളും മോഷണകേസുകളും</u>

1806 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിലുണ്ടായ ഭവനഭേദന കേസുകളും മോഷണകേസുകളും എത്രയാണെന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര കേസുകൾ തെളിയിക്കപ്പെടുകയും കുറ്റവാളികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു; പ്രസ്തുത കേസുകളിൽ പോലീസിന്റെയും പോലീസ് വകുപ്പിലെ സാങ്കേതിക സൗകര്യങ്ങളുടെയും പുത്തൻ അന്വേഷണ രീതികളുടെയും സഹായത്താൽ മാത്രം തെളിയിക്കപ്പെട്ട കേസുകൾ എത്രയെന്നും അവ ഏതെല്ലാമെന്നും പറയാമോ;

(സി) വീട്ടുടമയുടെയും കടയുടമയുടെയും സന്ദർഭോചിതമായ ഇടപെടലിലൂടെയും അവരുടെ വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കപ്പെട്ടിട്ടുള്ള ക്യാമറ പോലുള്ള സംവിധാനങ്ങളുടെ സഹായത്തോടെയും എത്ര കേസുകൾ തെളിയിക്കപ്പെട്ടു എന്നു പറയാമോ;

(ഡി) ചേർത്തല താലൂക്കിൽ ഈ കാലയളവിലുണ്ടായ മോഷണകേസുകളും ഭവനഭേദന കേസുകളും എത്രയാണ്;

(ഇ) ഈ കേസുകൾ എല്ലാം തെളിയിക്കപ്പെടുകയും കുറ്റവാളികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ടോ;

(എഫ്) മറ്റ് കേസുകളുടെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെടുമ്പോൾ തെളിയിക്കപ്പെട്ട എത്ര കേസുകൾ ഈ കാലയളവിലുണ്ടായി എന്നു വ്യക്തമാക്കാമോ;

(ജി) കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന് പുതിയ സാങ്കേതിക പരിശീലനം പോലീസിന് നൽകുന്നുണ്ടോ;

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

(എച്ച്) അസമയത്ത് എത്തിച്ചേരുന്ന ട്രെയിനുകൾ, ദീർഘദൂര ബസ്സുകൾ, അന്യ സംസ്ഥാന സർവ്വീസുകൾ എന്നിവ നിരീക്ഷിക്കുന്നതിനും അതിലൂടെ മോഷണങ്ങളുടെ സാധ്യത പരിശോധിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മോഷണക്കേസിൽ പിടികൂടിയവർ</u>

1807 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര മോഷണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കേസുകളിൽ പ്രതികളെ പിടികൂടാനും മോഷണമുതൽ കണ്ടെടുക്കാനും സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് ഇനിയും പിടികൂടാൻ ബാക്കിയുള്ള പ്രതികളുടെ എണ്ണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ആത്മഹത്യ ചെയ്തവരുടെ എണ്ണം</u>

1808 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ആത്മഹത്യ ചെയ്തവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ സ്ത്രീകൾ എത്ര; കുട്ടികൾ എത്ര; വ്യക്തമാക്കാമോ ;

(സി) സാമ്പത്തിക ബുദ്ധിമുട്ടുമൂലം ആത്മഹത്യ ചെയ്തവർ എത്ര ;

(ഡി) കുടുംബ പ്രശ്നങ്ങളെത്തുടർന്ന് ആത്മഹത്യ ചെയ്തവർ എത്ര ;

(ഇ) കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തവരെത്ര; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>ആത്മഹത്യകളുടെയും ആത്മഹത്യാശ്രമങ്ങളുടെയും കണക്കുകൾ</u>

1809

ശ്രീ. കെ. രാധാകൃഷ്ണൻ
,, എം. ചന്ദ്രൻ
,, എ. എം. ആരിഫ്
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആത്മഹത്യകൾ വർദ്ധിച്ചുവരുന്ന സ്ഥിതിവിശേഷം പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആത്മഹത്യയ്ക്ക് മുഖ്യകാരണം എന്താണെന്ന് പരിശോധിക്കുകയുണ്ടായോ; വിശദമാക്കാമോ;

(സി) കഴിഞ്ഞ രണ്ടുവർഷം നടന്ന ആത്മഹത്യകളുടെയും ആത്മഹത്യാശ്രമങ്ങളുടെയും കണക്കുകൾ ലഭ്യമാണോ; എങ്കിൽ സംസ്ഥാനത്ത് ഒരു ദിവസം ശരാശരി എത്ര പേർ ആത്മഹത്യ ചെയ്യുന്നു; ഏത് പ്രായത്തിലുള്ളവരുടേതാണ് ആത്മഹത്യകൾ ഏറെയും; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഡനം</u>

1810 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രെയിൻ യാത്രയ്ക്കിടെ എത്ര സ്ത്രീകളാണ് പീഡിപ്പിക്കപ്പെട്ടത്;

(ബി) എത്ര കുട്ടികളെയാണ് തട്ടിക്കൊണ്ടുപോയത്;

(സി) മുൻമന്ത്രി ഗണേഷ് കുമാറിന്റെ ഭാര്യ ശ്രീമതി യാമിനി തങ്കച്ചിയുടെ ഏതെങ്കിലും ഹർജി സർക്കാരിന്റെ പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

**സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ തുടർന്ന് രജിസ്റ്റർ ചെയ്ത കേസുകൾ**

1811

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ തുടർന്ന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ അറസ്റ്റ് ചെയ്യപ്പെട്ട പ്രതികൾ എത്ര;

(സി) അറസ്റ്റ് ചെയ്യപ്പെട്ട് ജാമ്യത്തിൽ വിട്ടയയ്ക്കപ്പെട്ടവർ എത്ര;

(ഡി) റിമാന്റ് ചെയ്യപ്പെട്ടവർ എത്ര;

(ഇ) ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവർ എത്ര; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>അതിക്രമത്തെ തുടർന്ന് മരണപ്പെട്ട സ്ത്രീകൾ</u>

1812 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ വിവിധ അതിക്രമങ്ങളെത്തുടർന്ന് മരണപ്പെട്ട സ്ത്രീകളുടെ എണ്ണം കുറ്റകൃത്യത്തിന്റെ ഇനം തിരിച്ച് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരായ ലൈംഗിക പീഡനങ്ങൾ</u>

1813 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്കുട്ടികൾക്കെതിരായ ലൈംഗിക പീഡന കുറ്റ കൃത്യങ്ങൾ വർദ്ധിക്കുന്നതായിട്ടുളള ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുളള കേസ്സുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിലു ളളത് വാർഷിക ക്രമത്തിൽ ലഭ്യമാക്കുമോ;

(സി) കുട്ടികൾക്കെതിരയുളള ലൈംഗിക പീഡന കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(ഡി) ക്രമാതീതമായി വർദ്ധിച്ചുവരുന്ന ഇത്തരം കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിന് സർക്കാർ പുതിയതായി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം തടയുന്നതിന് നടപടി</u>

1814

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈസർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഇതുവരെ എത്ര സ്ത്രീകൾക്കും, കുട്ടികൾക്കും നേരെയാണ് അതിക്രമം ഉണ്ടായിട്ടുള്ളത്;

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം കൂടിവരുന്ന സാഹചര്യത്തിൽ അവ കർശനമായി തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളെത്തുടർന്ന് രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ</u>

1815 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളെത്തുടർന്ന് രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ എണ്ണം എത്രയാണ്;

(ബി) ഇതിൽ ലൈംഗികാതിക്രമങ്ങളെത്ര; മറ്റ് തരത്തിലുള്ള അതിക്രമങ്ങളെത്ര; വ്യക്തമാക്കുമോ;

(സി) ഈ കേസ്സുകളിൽ അറസ്റ്റ് ചെയ്യപ്പെട്ടവരെത്ര; ഇനിയും പിടികൂടാനുള്ള പ്രതികൾ എത്ര;

(ഡി) സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയക്കപ്പെട്ട പ്രതികളെത്ര; റിമാന്റ് ചെയ്യപ്പെട്ട പ്രതികൾ എത്ര;

(ഇ) കുറ്റപത്രം കോടതിയിൽ നൽകിയ കേസ്സുകളെത്ര; അന്വേഷണം പൂർത്തിയാകാത്ത കേസ്സുകളെത്ര;

(എഫ്) ഈ കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം എത്ര; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>ഉന്നതതല വനിതാ അന്വേഷണ സംഘം</u>

1816 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ അന്വേഷിക്കുന്നതിന് 4 വനിതാ ഐ. പി. എസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ സംഘത്തിന്റെ അന്വേഷണ പുരോഗതി വിലയിരുത്താമോ;

(സി) ഉന്നതതല വനിതാ അന്വേഷണ സംഘം നിലവിൽ വന്നതിനുശേഷം കുറ്റകൃത്യങ്ങൾ നിയന്ത്രണ വിധേയമായിട്ടുണ്ടോ;

(ഡി) പരാതികൾ പരിശോധിക്കുന്നതിനും അക്രമസംഭവങ്ങൾ തുടർ നിരീക്ഷണം നടത്തുന്നതിനും സ്ക്വാഡിനു കീഴിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>സ്ത്രീപീഡന കേസുകളിൽ വിചാരണ</u>

1817 ശ്രീ.എം.ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീ പീഡന കേസുകളിൽ വിചാരണ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രത്യേക കോടതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ഡി) വിചാരണക്കോടതികളിൽ സ്ത്രീ പീഡനക്കേസുകൾക്ക് കാലദൈർഘ്യം വരുമ്പോൾ ഇരകൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>രജിസ്റ്റർ ചെയ്ത മാനഭംഗക്കേസ്സുകൾ</u>

1818 ശ്രീ.കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര മാനഭംഗകേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെയുള്ള എത്ര മാനഭംഗകേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) എതു ജില്ലയിലാണ് ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ പീഢനത്തിന് വിധേയമായ കേസ്സുകൾ</u>

1819 ശ്രീ. കെ. സുരേഷ്കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ പീഢനത്തിന് വിധേയമായ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) പീഢനത്തെത്തുടർന്ന് കുട്ടി മരണപ്പെട്ട എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഈ കേസ്സുകളിൽ അന്വേഷണം പൂർത്തിയായവ എത്ര; അന്വേഷണം പൂർത്തിയാകാത്തവ എത്ര; വ്യക്തമാക്കാമോ;

(ഡി) ഇവയിൽ ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>വീടുകളിലും വിദ്യാലയങ്ങളിലും കുട്ടികൾ നേരിടുന്ന പീഡനങ്ങൾ</u>

1820 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് കുട്ടികൾ സ്വന്തം വീടുകളിൽ വച്ച് പീഡനത്തിന് വിധേയമായ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ കുട്ടികൾ വിദ്യാലയങ്ങളിൽ വച്ച് പീഡനവിധേയരായ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

**കേരള നിയമസഭ**
**17.06.2013-ലെ മറുപടിക്ക്**

<u>പൂവാലശല്യവും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും തടയൽ</u>

1821 ശ്രീ.എം. ചന്ദ്രൻ
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. കെ. സുരേഷ് കുറുപ്പ്
'' രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിലെ പൂവാലശല്യവും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും തടയാൻ സുപ്രീംകോടതി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു; ഇത് നൽകിയത് എപ്പോഴായിരുന്നു;

(ബി) മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി;

(സി) ഇക്കാര്യത്തിൽ കേരള ഹൈക്കോടതിയിൽ സർക്കാർ നൽകിയ സത്യവാങ്മൂലം എന്തായിരുന്നു?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ</u>

1822 ശ്രീ.കെ.സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങളെത്തുടർന്ന് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം കുറ്റകൃത്യങ്ങളുടെ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഓരോ വിഭാഗത്തിലും കുറ്റപത്രം കോടതിയിൽ നൽകിയവ എത്ര; അന്വേഷണം പൂർത്തിയാകാത്തവ എത്ര; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>ഇരുചക്രവാഹനയാത്രയ്ക്കിടെ സ്ത്രീകൾക്കുനേരെയുള്ള കവർച്ച</u>

1823 ശ്രീ.ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളും പെൺകുട്ടികളും ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുന്ന അവസരത്തിൽ, ബൈക്കിൽ വന്ന് മാല കവർച്ച നടത്തിയതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസ്സുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്;

(ബി) സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുളള പ്രസ്തുത അതിക്രമത്തിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(സി) ഇത്തരം കേസ്സുകളിൽ കടുത്ത ശിക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പോലീസുകാര്‍ പ്രതികളായ പീഡനകേസ്സുകള്‍</u>

1824 ശ്രീ.കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം പോലീസുകാര്‍ പ്രതികളായ എത്ര ബലാത്സംഗക്കേസുകള്‍ റിപ്പോര്‍ട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവില്‍ പോലീസുകാര്‍ നടത്തിയ എത്ര സ്ത്രീ പീഡനകേസ്സുകള്‍ റിപ്പേര്‍ട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പട്ടികജാതി പെൺകുട്ടി പീഡിപ്പിക്കപ്പെട്ടതുമായി ബന്ധപ്പെട്ട കേസ്</u>

1825 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീകാര്യം പോലീസ് സ്റ്റേഷൻ പരിധിയിൽ പട്ടികജാതി വിഭാഗത്തിൽപെട്ട പെൺകുട്ടി പീഡിപ്പിക്കപെട്ടതുമായി ബന്ധപ്പെട്ട കേസ് അന്വേഷണം (ക്രൈം നമ്പർ 1345) ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പെൺകുട്ടിയുടെ കുടുംബത്തിന് സംസ്ഥാന സർക്കാർ എന്തെല്ലാം സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) കേസുമായി ബന്ധപ്പെട്ട ചാർജ് ഷീറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>പട്ടികജാതി – പട്ടികവര്‍ഗ്ഗത്തില്‍പ്പെട്ടവര്‍ക്കെതിരെ നടന്ന അതിക്രമങ്ങള്‍</u>

1826 ശ്രീ.കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം ഇതുവരെ സംസ്ഥാനത്ത് പട്ടികജാതിക്കാര്‍ക്കെതിരെ നടന്ന അതിക്രമങ്ങളെത്ര; പട്ടികവര്‍ഗ്ഗത്തില്‍പ്പെട്ടവര്‍ക്കെതിരെ നടന്ന അതിക്രമങ്ങളെത്ര; ആദിവാസി വിഭാഗത്തില്‍പ്പെട്ടവര്‍ക്കെതിരെ നടന്ന അതിക്രമങ്ങളെത്ര; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അതിക്രമങ്ങളെത്തുടര്‍ന്ന് എത്ര കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതില്‍ കോടതിയില്‍ എഫ്.ഐ.ആര്‍. സമര്‍പ്പിച്ച കേസുകളെത്ര;

(ഡി) അന്വേഷണം പൂര്‍ത്തിയാക്കാത്ത കേസ്സുകളെത്ര;

(ഇ) ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം എത്ര?

## കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി സ്ത്രീ പീഡന കേസുകൾ</u>

1827 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ പീഡിപ്പിക്കപ്പെട്ട എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ള പ്രതികളുടെ എണ്ണം വ്യക്തമാക്കാമോ ;

(സി) ഇവയിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ച കേസ്സുകളുടെ എണ്ണം വ്യക്തമാക്കാമോ ;

(ഡി) വിചാരണ പൂർത്തിയായ കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ

1828 ശ്രീ. എം. എ. ബേബി
ഡോ. കെ. ടി. ജലീൽ
ശ്രീ. ആർ. രാജേഷ്
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലും പൊതുസ്ഥലങ്ങളിലും കുട്ടികൾ കുറ്റകൃത്യങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്ന സംഭവങ്ങളും ഇതിൽ രക്ഷിതാക്കൾ ആശങ്കാകുലരായിരിക്കുന്ന സ്ഥിതി വിശേഷവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് കുട്ടികൾ നേരിടേണ്ടി വരുന്ന അതിക്രമങ്ങളും ചൂഷണങ്ങളും സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(സി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയാൻ സാധ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>നടപ്പിലാക്കാതിരുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ</u>

1829 ശ്രീ.ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–13 സാമ്പത്തിക വർഷത്തിൽ ആഭ്യന്തര വകുപ്പു മന്ത്രിയുടെ നിയന്ത്രണത്തിലുള്ള വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇനിയും നടപ്പിലാക്കാൻ കഴിയാത്തവ ഏതൊക്കെ;

(ബി) 2012–13–ലെ ബഡ്ജറ്റിൽ പ്രസ്തുത വകുപ്പുകൾക്കായി വകയിരുത്തിയ തുകയിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുക എത്രയെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

1830 ശ്രീ. കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ
,, പാലോട് രവി
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്ത് ഇതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) ഈ സംവിധാനം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ എടുക്കാനുദ്ദേശിക്കുന്നുണ്ട്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ആരാധനാലയങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും നടന്ന മോഷണങ്ങൾ</u>

1831 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ ആരാധനാലയങ്ങളിൽ മോഷണം നടന്ന എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും മോഷണം നടന്ന എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മതപ്രഭാഷണ വേദിയിലേക്ക് സ്ഫോടക വസ്തുക്കൾ എറിഞ്ഞ സംഭവം</u>

1832

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിൽ, മതപ്രഭാഷണ വേദിയിലേക്ക് സ്ഫോടക വസ്തുക്കൾ എറിഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും ആരുടെയെല്ലാം പേരിലാണ് കേസ്സെടുത്തിട്ടുള്ളത് എന്നും എത്ര പേരെ അറസ്റ്റ് ചെയ്തു എന്നും വെളിപ്പെടുത്തുമോ;

(സി) കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>നാറാത്ത് കേസിലെ പ്രതികളുടെ വിദേശ ബന്ധം</u>

1833 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാറാത്ത് ആയുധ പരിശീലന കേസിൽ ഇനിയും പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ടോ;

(ബി) പ്രതികൾക്ക് വിദേശത്ത് നിന്ന് വൻ തോതിൽ പണം ലഭിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു വിദേശ രാജ്യത്തുനിന്നാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇത്തരം കേസുകൾ അതിന്റെ ഗൗരവത്തിൽ അന്വേഷണം നടത്തി പ്രതികളെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>മതതീവ്രവാദ സംഘടനകള്‍</u>

1834 ശ്രീ. ഇ. പി. ജയരാജന്‍
'' എളമരം കരീം
'' കെ. കെ. ജയചന്ദ്രന്‍
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മതതീവ്രവാദ സംഘടനകളുടെ പ്രവര്‍ത്തനങ്ങള്‍ ശക്തിപ്പെട്ടുവരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സംഘടനകളുടെ രഹസ്യകേന്ദ്രങ്ങളുടെ വ്യാപനവും മനുഷ്യത്വരഹിതമായ പ്രവര്‍ത്തനങ്ങളും സര്‍ക്കാര്‍ നിരീക്ഷിക്കുന്നുണ്ടോ; പ്രസ്തുത സംഘടനകള്‍ക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പണത്തിന്റെ സ്രോതസ്സിനെക്കുറിച്ചുള്ള വിവരങ്ങള്‍ ശേഖരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് പ്രവര്‍ത്തിക്കുന്ന ഇത്തരത്തിലുള്ള സംഘടനകള്‍ക്ക് വിദേശ തീവ്രവാദ സംഘടനകളുമായി ബന്ധമുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം സംഘടനകളെ നിയന്ത്രിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>വർഗ്ഗീയ സംഘടനകളുടെ ആയുധപരിശീലനം</u>

1835 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വർഗ്ഗീയ സംഘടനകൾ ആയുധപരിശീലനം നടത്തുന്നതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇത് നടന്നിട്ടുള്ളതെന്ന് വെളിപ്പെടുത്തുത്താമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് എവിടെയെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

വർഗ്ഗീയസ്വഭാവമുള്ള അക്രമ സംഭവങ്ങൾ

1836 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് അക്രമസ്വഭാവമുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ സംസ്ഥാനത്ത് വർഗ്ഗീയസ്വഭാവമുള്ള എത്ര അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

വർഗീയ സംഘടനകളുടെ ആയുധ പരിശീലനം

1837 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വർഗ്ഗീയ സംഘടനകൾ ആയുധ പരിശീലനങ്ങളും കലാപങ്ങൾ സൃഷ്ടിക്കാൻ മുൻഒരുക്കങ്ങളും നടത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പറമ്പായി മുസ്ലീം പള്ളിക്കുനേരെ നടന്ന ആക്രമണം</u>

1838 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പായി മുസ്ലീം പള്ളിക്കും തൊട്ടടുത്ത കടകൾക്കും നേരെ അക്രമണം നടത്തിയത് ഏത് സംഘടനയിൽപ്പെട്ട ആളുകളാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്നും ഇതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

ബീമാപള്ളി വെടിവെയ്പ്

1839 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബീമാപള്ളി വെടിവെയ്പിനെക്കുറിച്ച് അന്വേഷിക്കുവാൻ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വെടിവെയ്പിന് ഇടയാക്കിയ സംഭവങ്ങളെക്കുറിച്ച് വിശദമാക്കുമോ;

(സി) വെടിവെയ്പ് അന്യായമായിരുന്നുവെങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്തു നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇനി എന്തെല്ലാം നടപടികളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>റോഡപകടങ്ങൾ</u>

1840 ശ്രീ. എസ്.രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടന്ന റോഡപകടങ്ങളെത്ര; ഈ അപകടങ്ങളിൽ മരണപ്പെട്ടവരെത്ര; പരിക്കേറ്റവരെത്ര; വ്യക്തമാക്കാമോ;

(ബി) ഈ അപകടം സംബന്ധിച്ച 2011-12, 2012-13 വർഷങ്ങളിലെ കണക്കുകൾ വെവ്വേറെ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>വാഹന പരിശോധന സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ</u>

1841 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ ദിവസവും നിശ്ചിത എണ്ണം പെറ്റി കേസുകൾ ചാർജ്ജുചെയ്യണമെന്ന് ജില്ലാ പോലീസ് മേധാവികൾ നിർദ്ദേശം നൽകുന്നുണ്ടോ;

(ബി) ഒരേ സ്റ്റേഷൻ പരിധിക്കുള്ളിൽ തന്നെ ഒന്നിൽ കൂടുതൽ സ്ഥലങ്ങളിൽ വാഹന പരിശോധന നടത്തുന്നതുമൂലം ഒരേ വാഹനം പല തവണ പരിശോധനയ്ക്ക് വിധേയമാക്കേണ്ടി വരുന്നതുകൊണ്ട് വാഹന ഉടമയ്ക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വാഹന പരിശോധനയ്ക്കിടയിൽ ഉണ്ടാകുന്ന വാഹന അപകടങ്ങളുടെ കണക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇത്തരത്തിൽ അപകടം പറ്റി ജീവൻ നഷ്ടപ്പെട്ടവർ എത്ര; കണക്ക് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

**<u>ആലപ്പുഴ – കൊല്ലം ദേശീയപാതയിലെ വാഹന അപകടങ്ങൾ</u>**

1842

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ – കൊല്ലം ദേശീയപാതയിൽ അമ്പലപ്പുഴ മുതൽ ഓച്ചിറ വരെയുള്ള പ്രദേശങ്ങളിൽ ദിനംപ്രതി നടക്കുന്ന വാഹന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപകടനിരക്ക് കുറയ്ക്കുന്നതിനു വേണ്ടി എന്തെങ്കിലും പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

**കേരള നിയമസഭ**
**17.06.2013–ലെ മറുപടിക്ക്**

<u>വാഹനങ്ങളിലെ സൺഫിലിം നീക്കം ചെയ്യാത്തതിന് എതിരെയുള്ള കേസ്സുകൾ</u>

1843 **ശ്രീ.ആർ രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി വിധിക്ക് ശേഷം വാഹനങ്ങളിലെ സൺ ഫിലിം നീക്കം ചെയ്യാത്ത എത്ര കേസ്സുകൾ സംസ്ഥാനത്ത് ഇതുവരെ രജിസ്ററർ ചെയ്തിട്ടുണ്ട്;

(ബി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് ഇതു വരെ പിഴയായി ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>പെരുമ്പാവൂരിലെ വാഹനബാഹുല്യം</u>

1844 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിലെ വാഹനബാഹുല്യവും ഗതാഗതക്കുരുക്കും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെയധികം യാത്രാവാഹനങ്ങളും ഭാരവണ്ടികളും കടന്നുപോകുന്ന പെരുമ്പാവൂരിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>വാഹന അപകടങ്ങൾ</u>

1845

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012 ജനുവരി മുതൽ ഡിസംബർ വരെ സംസ്ഥാനത്ത് വാഹന അപകടങ്ങളിൽ എത്ര പേർ മരണമടഞ്ഞു എന്ന് വെളിപ്പെടുത്താമോ; എത്ര പേർക്ക് പരിക്കുപറ്റിയിട്ടുണ്ട് എന്ന കണക്ക് ലഭ്യമാക്കാമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

റോഡപകടങ്ങളുടെ സ്ഥിതി വിവര കണക്കുകൾ

1846 ശ്രീ. മാത്യു റ്റി തോമസ്
,, ജോസ് തെറ്റയിൽ
,, സി.കെ.നാണു
ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ വിലയിരുത്തുന്ന സംവിധാനം നിലവിലുണ്ടോ;

(ബി) വാഹനങ്ങളുടെ എണ്ണം അമിതമായി പെരുകുമ്പോൾ 2005നു ശേഷമുള്ള വർഷങ്ങളിൽ നേരിയ തോതിലെങ്കിലും അപകടങ്ങളുടെ എണ്ണം കുറഞ്ഞു വന്നതായി കണക്കുകൾ വ്യക്തമാക്കുന്നുണ്ടോ;

(സി) 2005 മുതൽ 2012വരെ ഓരോ വർഷവും സംസ്ഥാനത്തുണ്ടായ റോഡപകടങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) 2005 മുതൽ കുറഞ്ഞുവന്നിരുന്ന അപകടങ്ങളുടെ എണ്ണം വർദ്ധനവിലേക്ക് മാറുന്നത് കണക്കിലെടുത്ത് അതിന്റെ കാരണങ്ങൾ പഠിച്ച് പരിഹാരങ്ങൾ കണ്ടെത്താൻ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് നടന്ന വാഹന അപകടങ്ങൾ</u>

1847 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതു വരെ സംസ്ഥാനത്ത് എത്ര വാഹന അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

ട്രാഫിക് നിയമലംഘനവുമായി ബന്ധപ്പെട്ട കേസ്സുകൾ

1848 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ ട്രാഫിക് നിയമലംഘനവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ ട്രാഫിക് നിയമ ലംഘനത്തെത്തുടർന്ന് എത്ര കേസ്സുകളിൽ പിഴ ചുമത്തിയെന്നും ഈ ഇനത്തിൽ സർക്കാരിന് എത്ര തുക ലഭിച്ചെന്നും വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സീബ്രാലൈനിലേക്ക് കയറ്റി നിർത്തുന്ന വാഹനങ്ങൾ</u>

1849 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരക്കേറിയ ജംഗ്ഷനുകളിൽ കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ചുകൊണ്ട് സീബ്രാലൈനിലേക്ക് വാഹനങ്ങൾ കയറ്റി നിർത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സീബ്രാലൈനിൽ കാൽനട യാത്രക്കാരെ ഇടിച്ചു വീഴ്ത്തിയ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>അങ്കമാലിയിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കുവാൻ നടപടി</u>

1850 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നഗരത്തിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് കണക്കിലെടുത്തും 2006-2012 കാലയളവിൽ അങ്കമാലി, കാലടി, നെടുമ്പാശ്ശേരി സർക്കിൾ സ്റ്റേഷനുകളുടെ കീഴിൽ, വിവിധ വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന വാഹന അപകടങ്ങളുടെയും, മറ്റ് ട്രാഫിക് കുറ്റകൃത്യങ്ങളുടെയും എണ്ണത്തിലെ വർദ്ധനവ് കണക്കിലെടുത്തും അങ്കമാലിയിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) അങ്കമാലി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുവേണ്ടി അടിയന്തിരമായി 20 പോലീസുകാരെ വിട്ടുനൽകണമെന്ന 29.09.2011-ലെ നഗരസഭയുടെ കൗൺസിൽ പ്രമേയത്തിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>കായംകുളം – പുനലൂർ റോഡിലെ ഗതാഗതക്കുരുക്ക്</u>

1851 ശ്രീ.സി.കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം – പുനലൂർ റോഡിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ട്രാഫിക് ഐലന്റുകളിൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>ട്രാഫിക് സിഗ്നൽ ക്രമീകരണത്തിലെ അപാകതകൾ</u>

T-1852 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗതാഗത നിയന്ത്രണത്തിനായി സംസ്ഥാനത്ത് ജംഗ്ഷനുകളിൽ സ്ഥാപിച്ചിരിക്കുന്ന സിഗ്നലുകളുടെ സമയക്രമീകരണത്തിലുള്ള പിഴവ് അനാവശ്യ ട്രാഫിക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരക്കില്ലാത്തതായ ചില റോഡുകൾ ജംഗ്ഷനിലുള്ള പ്രധാന തിരക്കുള്ള റോഡിലേക്ക് ചേരുന്ന സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നലുകൾ ക്രമീകരിച്ചിരിക്കുന്ന സമയ ദൈർഘ്യത്തിലുള്ള ഏകീകരണം അനാവശ്യമായ തിരക്കുകൾ ഉണ്ടാക്കുന്നത് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) തിരക്കുള്ള പ്രധാന റോഡിലും, താരതമ്യേന തിരക്കില്ലാത്ത പ്രധാന റോഡിലേക്ക് ചേരുന്ന റോഡുകളിലും ട്രാഫിക് ബാഹുല്യത്തിന് ആനുപാതികമായി ട്രാഫിക് സിഗ്നലുകളിൽ സമയം ക്രമീകരിച്ച് അനാവശ്യ തിരക്ക് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പോലീസ് വാഹന പരിശോധനക്കിടയിലുള്ള അപകടങ്ങൾ</u>

1853

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസിന്റെ വാഹന പരിശോധനക്കിടയിലുള്ള അപകടങ്ങളും മരണങ്ങളും വർദ്ധിച്ചുവരികയാണെന്നും ഹെൽമറ്റ് ധരിക്കാതെ ഇരുചക്രം ഓടിക്കുന്നവരാണ് അപകടങ്ങളിൽ കൂടുതലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഹനപരിശോധനക്കിടയിലുള്ള അപകടങ്ങൾ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

ട്രാഫിക് പോലീസുകാരുടെ ആരോഗ്യ പ്രശ്നങ്ങൾ

1854

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് പോലീസുകാർ പ്രതികൂല സാഹചര്യങ്ങളിൽ ജോലി നിർവ്വഹിക്കുന്നത് വഴി അവർക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനായി എന്തെല്ലാം സംരക്ഷണ, മുൻകരുതൽ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മണൽ മാഫിയയുടെ അക്രമണത്തിനിരയായവർ</u>

1855 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സംസ്ഥാനത്ത് മണൽമാഫിയയുടെ അക്രമങ്ങൾക്ക് എത്ര പേർ ഇരയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അക്രമങ്ങൾക്ക് ഇരയായ പൊതുജനങ്ങളുടേയും വിവിധ വകുപ്പ് ജീവനക്കാരുടേയും എണ്ണം പ്രത്യേകം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>മണൽ മാഫിയകൾക്കെതിരെ നടപടി</u>

1856 ശ്രീ. ഇ. പി. ജയരാജൻ
,, ബി. സത്യൻ
,, സാജു പോൾ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണൽ മാഫിയകൾക്കെതിരെ മുഖം നോക്കാതെ നടപടി എന്ന പ്രഖ്യാപനം നടപ്പാക്കാൻ തയ്യാറാക്കുമോ;

(ബി) സംസ്ഥാനത്ത് മുഖ്യമായും മണൽ മാഫിയ പ്രവർത്തിച്ചുവരുന്നത് എവിടെയെല്ലാമാണെന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ടോ ;

(സി) മണൽ മാഫിയകൾക്കെതിരെ ശക്തമായ നടപടിയെടുക്കാൻ തയ്യാറാകുന്ന പോലീസ് ഉദ്യോഗസ്ഥരെ തുടർച്ചയായി സ്ഥലം മാറ്റികൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കാൻ തയ്യാറാകുമോ ;

(ഡി) വളപട്ടണത്ത് മണൽ മാഫിയക്കെതിരെ നടപടിയെടുത്ത എസ്.ഐ. അവിടെ നിന്നും പിന്നീടും, ഏഴ് മാസത്തിനകം എത്ര തവണ സ്ഥലം മാറ്റപ്പെടുകയുണ്ടായെന്ന് പരിശോധിക്കുമോ; നിയമാനുസൃതം പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകാനും, മാഫിയകളുടെ സമ്മർദ്ദത്തിന് വഴങ്ങാതിരിക്കാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>കേരള സാമൂഹ്യവിരുദ്ധ നിരോധന നിയമം</u>

1857 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് എന്നാണ് നിലവിൽ വന്നത്; അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) ആരെല്ലാമാണ് ഈ ആക്ടിന്റെ പരിധിയിൽ വരുന്നത്;

(സി) പ്രസ്തുത ആക്ടിന്റെ പരിധിയിൽ വരുന്നവർ ചുരുങ്ങിയത് എത്ര കേസുകളിൽ പ്രതിയാവണം എന്ന് വ്യക്തമാക്കുമോ;

(ഡി) രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി കേസുകളിൽ പ്രതിയാവുന്നവർ ഇതിന്റെ പരിധിയിൽ വരുമോ;

(ഇ) ആറു മാസത്തിനുള്ളിൽ എത്ര കേസുകളിൽ പ്രതിയായാലാണ് ഗുണ്ടാ ആക്ടിന്റെ പരിധിയിൽ വരിക;

(എഫ്) ഗുണ്ടാ ആക്ട് പ്രകാരം കസ്റ്റഡിയിലുള്ളവരുടെ വിശദാംശം ജില്ല തിരിച്ച് നൽകാമോ;

(ജി) പാലക്കാട് ജില്ലയിൽ നിലവിൽ പ്രസ്തുത ആക്ട് പ്രകാരം തടവിലുള്ളവരുടെ പേരും വിലാസവും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

ഗുണ്ടാ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരം

1858 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുണ്ടാ ആക്ട് പ്രകാരം യുവജന വിദ്യാർത്ഥി സംഘടനകളുടെ നേതാക്കൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുവാൻ നടപടി സ്വീകരിച്ചതെന്തുകൊണ്ടാണ്; വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) 'ഗുണ്ടാ ആക്ട്' ടി നേതാക്കൾക്കെതിരെ പ്രയോഗിച്ചതിന്റെ സാംഗത്യം വിശദമാക്കുമോ;

(ഡി) ഇത്തരത്തിൽ കേസ് രജിസ്റ്റർ ചെയ്ത് ടി നേതാക്കൾ പ്രവർത്തിക്കുന്ന ജില്ലയിൽ നിന്ന് മറ്റ് ജില്ലകളിലേക്ക് മാറിപ്പോകണം എന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ ആക്രമണം</u>

1859 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേസ്സുകളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര പ്രതികൾ അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുണ്ടെന്നും വെളിപ്പെടുത്താമോ ?

**കേരള നിയമസഭ**
**17.06.2013-ലെ മറുപടിക്ക്**

കെ.എ.പി.എ. പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുള്ളവർ

1860 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എ.പി.എ. 2007 പ്രകാരം സംസ്ഥാനത്ത് എത്രപേരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്; ആരെയെല്ലാം; വിശദ വിവരം നൽകുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് ബംഗ്ലാദേശികളുടെ നുഴഞ്ഞു കയറ്റം</u>

1861 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബംഗാളികളെന്ന പേരില്‍ സംസ്ഥാനത്ത് ബംഗ്ലാദേശ് പൗരന്മാര്‍ ധാരാളമായി എത്തിക്കൊണ്ടിരിക്കുന്നു എന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട എത്ര കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്ന വിവരം ജില്ലാടിസ്ഥാനത്തില്‍ ലഭ്യമാക്കാമോ;

(സി) കേന്ദ്ര രഹസ്യാന്വേഷണ ബ്യൂറോ ഇതു സംബന്ധിച്ച് ഏതെങ്കിലും അന്വേഷണങ്ങള്‍ നടത്തിവരുന്നതായി അറിവുണ്ടോ;

(ഡി) എങ്കില്‍ അന്വേഷണ വിശദാംശങ്ങള്‍ സംസ്ഥാന ആഭ്യന്തര വകുപ്പിന് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കില്‍ അനുബന്ധ വിശദാംശങ്ങള്‍ അറിയിക്കുമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികള്‍ ഉള്‍പ്പെട്ട കേസുകള്‍</u>

1862 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളില്‍ പേരും, വിലാസവും രജിസ്റ്റര്‍ ചെയ്തിട്ടുളള അന്യസംസ്ഥാന തൊഴിലാളികള്‍ എത്രയാണ്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) രജിസ്റ്റര്‍ ചെയ്ത എത്രപേര്‍ക്ക് തിരിച്ചറിയല്‍ കാര്‍ഡ് നല്‍കി; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) അന്യസംസ്ഥാന തൊഴിലാളികള്‍ ഉള്‍പ്പെട്ട എത്ര കേസുകള്‍ വിവിധ പോലീസ് സ്റ്റേഷനു കളില്‍ രജിസ്റ്റര്‍ ചെയ്ത് നടപടികള്‍ നടന്നുവരുന്നുണ്ട്;

(ഡി) ഇവരില്‍ മോഷണം, പിടിച്ചുപറി, കവര്‍ച്ച, സ്ത്രീപീഡനം, കൊലപാതകം എന്നിവ നടത്തി പിടിയിലായവര്‍ കഴിഞ്ഞ രണ്ട് വര്‍ഷമായി എത്രപേരുണ്ട്; ഇത്തരം പ്രവൃത്തി ചെയ്ത എത്രപേരെ ഇനി പിടികൂടാനുണ്ട്; ഇത്തരക്കാരെ പിടികൂടാന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചുവരുന്നു;

(ഇ) അന്യസംസ്ഥാന തൊഴിലാളികള്‍ ഇപ്പോള്‍ സംസ്ഥാനത്ത് ക്രമസമാധാന പ്രശ്നങ്ങള്‍ സൃഷ്ടിക്കുന്നതായി സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇവരെ കൃത്യമായി നിരീക്ഷിക്കാനും കുറ്റക്കാരെ കണ്ടെത്താനും പോലീസ് വകുപ്പില്‍ എന്ത് സംവിധാനങ്ങളാണ് നിലവിലുളളത്;

(എഫ്) സംസ്ഥാനത്തെ തൊഴില്‍ദാതാക്കളും, തൊഴില്‍ നല്‍കുന്ന ഏജന്‍സികളും അവരുടെ കീഴില്‍ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് അതാത് പോലീസ് സ്റ്റേഷനുകളില്‍ അറിയിക്കാന്‍ നിയമം ഉണ്ടാക്കുന്നതിനും ആയത് ലംഘിക്കുന്ന തൊഴില്‍ ദാതാക്കളുടെയും ഏജന്‍സികളുടെയും

## കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

പേരിൽ ശിക്ഷ ഉറപ്പാക്കുന്നതിനും എന്ത് നടപടി സ്വീക
രിക്കും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>ആന്റി പൈറസി സെൽ നടത്തിയ റെയ്ഡുകൾ</u>

1863 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആന്റി പൈറസി സെൽ നടത്തിയ റെയ്ഡുകളിൽ എത്ര വ്യാജ സി.ഡി.കളാണ് പിടിച്ചെടുത്തിട്ടുള്ളത്;

(ബി) റെയ്ഡുകളുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ കേസ്സുകൾ എടുത്തിട്ടുണ്ട്;

(സി) വ്യാജ സി.ഡി. നിർമ്മാണവും വിതരണവും തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

കള്ളനോട്ട്/മണിചെയിനുമായി ബന്ധപ്പെട്ട കേസ്സുകൾ

1864 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കള്ളനോട്ട് പിടികൂടിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ മണിചെയിനുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(സി) ഇതുമായി ബന്ധപ്പെട്ട് ഇനിയും അറസ്റ്റ് ചെയ്യപ്പെടാത്ത എത്ര പ്രതികളുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സൈബര്‍ കുറ്റകൃത്യങ്ങള്‍</u>

1865 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം നാളിതുവരെ സംസ്ഥാനത്ത് ഫേസ്ബുക്കിലെ വ്യാജ പ്രൊഫൈല്‍, ഇന്റര്‍നെറ്റ് ദുരുപയോഗം തുടങ്ങിയവയുമായി ബന്ധപ്പെട്ട് എത്ര കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സൈബര്‍ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് ഈ കാലയളവില്‍ അതീവ ഗുരുതരമായ എത്ര കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്;

(സി) ഇതില്‍ പ്രതികളെ പിടികൂടുകയും അന്വേഷണം പൂര്‍ത്തിയാക്കുകയും ചെയ്ത കേസുകളുടെ എണ്ണം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 17.06.2013–ലെ മറുപടിക്ക്

ഓൺലൈൻ വഴിയുള്ള തട്ടിപ്പ്

1866 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സംസ്ഥാനത്ത് ഓൺലൈൻ വഴിയുള്ള തട്ടിപ്പ് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ അന്വേഷണം പൂർത്തിയായ എത്ര കേസ്സുകളുണ്ട്;

(സി) ഇനിയും പിടികൂടാനുള്ള പ്രതികളുടെ എണ്ണമെത്ര; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>വ്യാജ എസ്.എം.എസ്., ഇ–മെയിൽ തട്ടിപ്പുകൾ</u>

1867 ശ്രീ.സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജ എസ്.എം.എസ്, ഇ–മെയിൽ തട്ടിപ്പുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 17.06.2013–ലെ മറുപടിക്ക്

നെറ്റ്‌വർക്ക് മാർക്കറ്റിംഗ് തട്ടിപ്പുകൾക്കെതിരെ കേസുകൾ

1868 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെറ്റ്‌വർക്ക് മാർക്കറ്റിംഗ് തട്ടിപ്പുകൾക്കെതിരെ സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും ആകെ എത്ര പ്രതികൾ ഉണ്ട് എന്നും വ്യക്തമാക്കുമോ;

(ബി) കേസുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്നും എത്ര കേസുകളിൽ കുറ്റപത്രം സമർപ്പിച്ചു എന്നും വെളിപ്പെടുത്തുമോ;

(സി) ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുളളത് ഏത് ജില്ലയിലാണ്;

(ഡി) ഏതെല്ലാം കമ്പനികളുടെ പേരിലാണ് തട്ടിപ്പുകൾ നടത്തിയിട്ടുളളത്;

(ഇ) കേസുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>പ്രകടനം നടത്തിയവർക്കെതിരെയുള്ള കേസുകൾ</u>

1869 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പ്രകടനം നടത്തിയതിന് എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഉൾപ്പെട്ട രാഷ്ട്രീയ പാർട്ടി പ്രവർത്തകരുടെ എണ്ണം വെവ്വേറെ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് കളക്ടറേറ്റ് കോമ്പൗണ്ടിലെ മരം മുറിച്ചതായ പരാതി</u>

1870 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കളക്ടറേറ്റ് കോമ്പൗണ്ടിലെ മരം മുറിച്ചതുമായി ബന്ധപ്പെട്ട് നടക്കാവ് പോലീസ് സ്റ്റേഷനിൽ എന്നാണ് പരാതി ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പരാതിയുടെ അടിസ്ഥാനത്തിൽ ആർക്കെല്ലാം എതിരെയാണ് കേസ് എടുത്തതെന്ന് വിശദമാക്കുമോ;

(സി) ഈ കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ എന്തുകൊണ്ടാണ് അറസ്റ്റ് ചെയ്യാത്തതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കേസ് അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>കുണ്ടലി സതീർത്ഥ്യന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ വാടകമുറികൾ തകർത്ത സംഭവം</u>

1871 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര ടൗണിൽ കുണ്ടലി സതീർത്ഥ്യന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ 11 കടമുറികൾ 29.05.2013-ന് പുലർച്ചെ രണ്ട് ജെ.സി.ബി., രണ്ട് ഹിറ്റാച്ചി എന്നിവ ഉപയോഗിച്ച് പൂർണ്ണമായും തകർത്തതും, ഇതറിഞ്ഞുവന്ന പ്രിയ ബേക്കറി ഉടമ ആൽജോയെ അക്രമിസംഘം തോക്ക്, വടിവാൾ എന്നിവ ചൂണ്ടി ഭീഷണിപ്പെടുത്തുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ പ്രതികൾ ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയോ വാഹനങ്ങൾ പിടിച്ചെടുക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനായി അടിയന്തിരനടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

മാതൃഭൂമി ലേഖകൻ എ.കെ. ബാബുക്കുട്ടന്റെ മരണം

1872 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃഭൂമി ലേഖകൻ എ.കെ.ബാബുക്കുട്ടന്റെ മരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) മരണം ആത്മഹത്യയായിരുന്നുവെന്നതിന് തെളിവുകൾ കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന് പ്രേരകമായ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ ഉത്തരവ് നൽകിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>നിരാക്ഷേപ പത്രം നൽകി പിൻവലിച്ച കേസുകൾ</u>

1873 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എത്ര ക്രിമിനൽ കേസുകൾ നിരാക്ഷേപ പത്രം നൽകി പിൻവലിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സർക്കാരിന്റെ പരിഗണനയിൽ ഇപ്പോൾ ഉളള കേസുകളുടെ എണ്ണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>സെൻട്രൽ പോലീസ് ക്യാന്റീൻ മറ്റ് വകുപ്പുകൾക്കു കൂടി അനുവദിക്കുന്നതിന് നടപടി</u>

1874 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ പോലീസ് ക്യാന്റീൻ ഫോറസ്റ്റ് ഓഫീസേഴ്സിനും എക്സൈസ് വകുപ്പിനും അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്നുള്ള സർക്കാർ ഉറപ്പ് പാലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നടപടി വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>സെൻട്രൽ പോലീസ് കാന്റീൻ</u>

1875 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നന്ദാവനത്തുള്ള സെൻട്രൽ പോലീസ് കാന്റീനിൽ സി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത വിളക്കുതിരി, പാറ്റാഗുളിക തുടങ്ങിയവ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളും സി.പി.സി. കരിമ്പട്ടികയിൽ ഉൾപ്പടുത്തിയിട്ടുള്ള ഇലക്ട്രോണിക് ഉൽപ്പന്നങ്ങളും വിൽക്കുന്നത് ആഭ്യന്തരവകുപ്പിന്റെ അറിവോടും അനുവാദത്തോടും കൂടിയാണോ ;

(ബി) അല്ലെങ്കിൽ ആയതു നിർത്തലാക്കുവാനും പ്രസ്തുത വിൽപ്പന നടത്തിയതിൽ ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>പെുത്തൻവീട്ടിൽ സൈജുവിന്റെ മരണം</u>

1876 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണമ്പൂർ പഞ്ചായത്തിൽ പെരുംകുളം പനയ്ക്കാട്ട്കോണം പുത്തൻവീട്ടിൽ സൈജുവിന്റെ മരണവുമായി ബന്ധപ്പെട്ടുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര പ്രതികളെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളതെന്നും ഇവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ ചുമത്തിയാണ് കേസെടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ ;

(സി) കേസ് അന്വേഷണത്തിനു നേതൃത്വം വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ ;

(ഡി) കേസുമായി ബന്ധപ്പെട്ട മെഡിക്കൽ റിപ്പോർട്ടിന്റേയും ചാർജ് ഷീറ്റിന്റെയും പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>രാത്രികാലങ്ങളിലെ പോസ്റ്റുമോർട്ടത്തിന് അനുവാദം നൽകിയ നടപടി</u>

1877 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാത്രികാലങ്ങളിൽ പോസ്റ്റുമോർട്ടം നടത്തേണ്ടിവരുന്ന സാഹചര്യങ്ങളിൽ അപകടമോ ദുർമരണമോ സംഭവിച്ചതാണെങ്കിൽ തെളിവുകൾ നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോസ്റ്റുമോർട്ടത്തിന് മുമ്പ് നിയമാനുസൃതം നടത്തേണ്ട ഇൻക്വസ്റ്റ് രാത്രിയിൽ നടത്താൻ അനുവാദം നൽകിയിട്ടുണ്ടോ;

(സി) ഇത്തരം വിഷയങ്ങളിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>എ. ഡി. ജി. പി., ബി.സന്ധ്യ എഴുതിയ കവിത</u>

1878 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു വാരികയിൽ 'എനിക്ക് ഇങ്ങനെയേ ആവാൻ കഴിയൂ' എന്ന പേരിൽ എ. ഡി. ജി. പി., ബി. സന്ധ്യ എഴുതിയ കവിത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ആഭ്യന്തര വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ആഭ്യന്തര വകുപ്പ് ഇതിനായി മുൻകൂർ അനുമതി നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പോലീസ് സേനയുടെ നവീകരണം</u>

1879 ശ്രീ. ബെന്നി ബെഹനാൻ
,, കെ. അച്ചുതൻ
,, വി. ഡി. സതീശൻ
,, സി.പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ നവീകരിക്കുന്നതിനും പൊതു ജനങ്ങളോടുള്ള സമീപനങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിനും എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ഉദ്യോഗസ്ഥർക്ക് പരിശീലനത്തിന്റെ ഭാഗമായി ബിഹേവിയറൽ തെറാപ്പി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>പോലീസ് സേനാ നവീകരണം</u>

1880 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനാ നവീകരണത്തിനായി ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്;

(ബി) ഉപയോഗയോഗ്യമായ ജീപ്പില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ജീപ്പുകൾ പുതിയത് നല്കുന്നത് എന്തെല്ലാം മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

അരൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

1881 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ പോലീസ് സ്റ്റേഷൻ ഇപ്പോൾ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണെന്നുള്ള വിവരം അറിയാമോ ; പ്രസ്തുത കെട്ടിടം വലിയ അപകടം ഉണ്ടാകാവുന്ന നിലയിൽ ജീർണ്ണിച്ച് നില്ക്കുകയാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുതിയ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അനുവദിച്ച സ്ഥലത്തിന് മന്ത്രിസഭ അനുവാദം നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥലത്ത് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന പോലീസ് ചീഫിന് നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നിർമ്മിക്കുന്നതിനുള്ള പണം അനുവദിച്ച് എത്രയും വേഗം ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

ഫോറൻസിക് ലാബുകളുടെ നവീകരണം

1882 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫോറൻസിക് ലാബുകളിൽ പോലീസ്, വിജിലൻസ്, എക്സൈസ് എന്നിവയുടെ എത്ര കേസുകളാണ് നിലവിലുള്ളതെന്നറിയിക്കാമോ ;

(ബി) ഇവയിൽ ഏറ്റവും പഴക്കമുള്ള കേസ് ഏതാണ് ;

(സി) ഫോറൻസിക് ലാബുകളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ ഉപകരണങ്ങൾ; എപ്പോൾ വാങ്ങി;

(ഡി) ഈ ഉപകരണങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ.

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(എഫ്) ഫോറൻസിക് ലാബുകളിൽ എത്ര ഒഴിവുകളാണ് ഉള്ളത് ;

(ജി) ഇവ നികത്താത്തത് ലാബുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ഉന്നതരുടെ ഫോൺ ചോർത്തൽ</u>

1883

ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത സ്ഥാനീയരായിട്ടുള്ളവരുടെ ഫോൺ ചോർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് അധികാരമുള്ള പോലീസ് മേധാവികളുടെ പേരു വിവരം വ്യക്തമാക്കുമോ;

(ബി) ഫോൺ ചോർത്തലിന് അധികാരം നൽകുന്നത് ഏത് നിയമ പ്രകാരമാണ്?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

ഫോൺ ചോർത്തൽ

1884 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഫോൺ ചോർത്തൽ സംബന്ധിച്ച് ആഭ്യന്തര വകുപ്പിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സാഹചര്യങ്ങളിലാണ് സർക്കാരിന് ഫോൺ ചോർത്താൻ അനുമതിയുള്ളത്; ഇതിന്റെ പേരിൽ പോലീസിന് അനുവദിച്ച സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യുന്നുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ: വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>രാത്രികാല പോസ്റ്റുമാർട്ടം നടത്താനുള്ള പശ്ചാത്തല സൗകര്യങ്ങൾ</u>

T1885 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും ആശുപത്രികളിൽ രാത്രി കാല പോസ്റ്റ്മാർട്ടം നടക്കുന്നുണ്ടോയെന്നറിയിക്കുമോ;

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഇതു നടപ്പിലാക്കുവാൻ തയ്യാറാവുമോ;

(സി) ഇതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഇത്തരം ആശുപത്രികളിൽ നടപ്പാക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>പാകിസ്ഥാനിലെ ജയിലിൽ അകപ്പെട്ട മലയാളികൾ</u>

1886 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർഷങ്ങൾക്ക് മുമ്പ് ദുബായിലേക്ക് ലോഞ്ചിൽ പോയ മലപ്പുറം ജില്ലയിലെ 33 പേർ പാകിസ്ഥാനിലെ ജയിലിൽ തടവുകാരായി കഴിയുന്നുണ്ടെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിജസ്ഥിതി അറിയുന്നതിനും ഇവരുടെ മോചനത്തിനും വേണ്ടി കേന്ദ്രസർക്കാരിന് ആവശ്യമായ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ പോലീസ് സ്റ്റേഷനിലെ തസ്തികകള്‍</u>

1887

ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അമ്പലപ്പുഴ പോലീസ് സ്റ്റേഷനില്‍ അനുവദനീയമായ തസ്തികകള്‍, നിലവില്‍ ജോലി ചെയ്യുന്നവര്‍, ഒഴിവുകള്‍ എന്നിവ വിശദമാക്കാമോ;

(ബി) വര്‍ദ്ധിച്ച ജോലിഭാരം കണക്കിലെടുത്ത് അമ്പലപ്പുഴ പോലീസ് സ്റ്റേഷനിലെ സ്റ്റാഫ് സ്ട്രെങ്ത് വര്‍ദ്ധിപ്പിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>അമിത പലിശ ഈടാക്കൽ നിരോധന നിയമ പ്രകാരം എടുത്ത കേസ്സുകൾ</u>

1888 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് അമിത പലിശ ഈടാക്കൽ നിരോധന നിയമ പ്രകാരം എടുത്ത കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം വ്യക്തമാക്കാമോ;

(സി) ഇതിൽ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>റിമാന്റ് പ്രതി മരണപ്പെട്ട സംഭവങ്ങൾ</u>

1889 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോടതി റിമാന്റ് ചെയ്ത പ്രതി പോലീസ് കസ്റ്റഡിയിൽ വച്ച് മരണപ്പെട്ട എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ പോലീസ് അറസ്റ്റ് ചെയ്ത് ലോക്കപ്പിലാക്കിയ ശേഷം പ്രതി മരണപ്പെട്ട എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(സി) പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച ശേഷം ആൾ മരണപ്പെട്ട എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പാരിപ്പള്ളി പോലീസ് സ്റ്റേഷനിലെ ഡ്രൈവർ ആയിരുന്ന മണിയൻപിള്ളയുടെ കൊലപാതകം</u>

1890 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി പോലീസ് സ്റ്റേഷനിലെ ഡ്രൈവർ ആയിരുന്ന മണിയൻപിള്ളയുടെ കൊലപാതകവുമായി ബന്ധപ്പെട്ട അന്വേഷണത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കൊലപാതകം നടന്ന് ഏറെനാളുകൾ കഴിഞ്ഞിട്ടും കുറ്റം ചെയ്തവരെ പിടിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ അന്വേഷണ ഏജൻസിയെ മാറ്റുവാനോ വിപുലപ്പെടുത്തുവാനോ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കുറ്റക്കാരെ അറസ്റ്റ് ചെയ്യുവാൻ വേണ്ട സത്വരനടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**17.06.2013-ലെ മറുപടിക്ക്**

<u>വനിതകൾക്ക് സിവിൽ പോലീസ് ആഫീസർ കേഡറിൽ സംവരണം</u>

1891 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
'' പാലോട് രവി
'' ലൂഡി ലൂയിസ്
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതകൾക്ക് സിവിൽ പോലീസ് ആഫീസർ കേഡറിൽ സംവരണം ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ ,സ്വീകരിച്ചിട്ടുണ്ട്;

(ബി) എത്ര ശതമാനം സംവരണമാണ് ഉറപ്പ് വരുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഒരു റിക്രൂട്ട്മെന്റ് ഡ്രൈവ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പാസ്സ്പോർട്ടിലെ ജനനത്തീയതി തിരുത്തിയത് സംബന്ധിച്ച കേസ്</u>

1892 ശ്രീ.പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കരിപ്പൂർ പോലീസ് സ്റ്റേഷനുകളിൽ പാസ്സ്പോർട്ടിലെ ജനന തീയതി തിരുത്തിയതുമായി ബന്ധപ്പെട്ട് ആർക്കെങ്കിലും എതിരെ കേസ്സ് രജിസ്റ്റർ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ;

(സി) പാസ്സ്പോർട്ടിൽ ജനനതീയതി തിരുത്തിയതുമായി ബന്ധപ്പെട്ട് കേസെടുക്കാനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യം സംബന്ധിച്ച് കേന്ദ്ര വിദേശകാര്യ വകുപ്പ് സഹമന്ത്രിയുടെ സാന്നിധ്യത്തിൽ മലപ്പുറത്തു വച്ച് സംഘടിപ്പിച്ച അദാലത്തിലെ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തീരുമാനങ്ങൾ പ്രകാരം സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ജി) അനധികൃതമായി കേസ് രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ധനമിടപാട് സ്ഥാപനങ്ങൾ</u>

1893 ഡോ. ടി. എം. തോമസ് ഐസക്
,, കെ. രാധാകൃഷ്ണൻ
,, സി. കൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോഹപ്പലിശ വാഗ്ദാനം ചെയ്തും മറ്റ് പ്രലോഭനങ്ങൾ നൽകിയും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്വകാര്യ ധനമിടപാട് സ്ഥാപനങ്ങളേയും അവരാൽ വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്നവരെയും സംബന്ധിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന സ്വകാര്യ ധനമിടപാടുകാരുടെ വഞ്ചനകളുമായി ബന്ധപ്പെട്ട് എത്ര കേസന്വേഷണങ്ങൾ നടക്കുന്നുണ്ട്;

(സി) വഞ്ചനാപരമായ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; ഇത്തരത്തിലുള്ള എത്ര ചിട്ടികമ്പനികളും വ്യാജപണമിടപാട് സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

ഇടമലയാർ, മാറാട് സംഭവങ്ങളുമായി ബന്ധപ്പെട്ട കേസുകൾ

1894 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ, മാറാട് എന്നീ പ്രത്യേക കോടതികൾ, ബന്ധപ്പെട്ട കേസുകൾ അവസാനിച്ചാലും തുടരാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇടമലയാറുമായി ബന്ധപ്പെട്ട എത്ര എഫ്.ഐ.ആറുകൾ ഇനിയും ചാർജ് ഷീറ്റ് സമർപ്പിക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) മാറാട് സംഭവവുമായി ബന്ധപ്പെട്ട ഏതെങ്കിലും കേസുകൾ ഇനിയും ചാർജ് ചെയ്യാൻ ബാക്കിയുണ്ടോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>അനധികൃത ആയുർവേദ മസാജ് പാർലറുകളുടെയും ചികിത്സാ കേന്ദ്രങ്ങളുടെയും പ്രവർത്തനം</u>

1895 ശ്രീ. വി. ശിവൻകുട്ടി
'' കെ. കുഞ്ഞിരാമൻ (ഉദുമ)
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത ആയുർവ്വേദ മസാജ് പാർലറുകളും ചികിത്സാ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേന്ദ്രങ്ങളെ നിയന്ത്രിക്കുവാൻ കൊണ്ടുവന്ന നിയമം ശക്തമായി നടപ്പാക്കാൻ തയ്യാറാകുമോ;

(സി) ടൂറിസത്തിന്റെ മറവിൽ ഇത്തരം സ്ഥാപനങ്ങൾ ടൂറിസം ഡസ്റ്റിനേഷനുകളിൽ വ്യാപകമായിക്കൊണ്ടിരിക്കുന്നത് അറിയാമോ; ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങൾ ഈ സർക്കാരിന്റെ കാലത്ത് പോലീസ് അടച്ചുപൂട്ടുകയുണ്ടായി; അനാശാസ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട എത്ര കേസുകൾ കണ്ടെത്തുകയുണ്ടായി?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ആന്റിപൈറസി സെൽ നടത്തിയ റെയ്ഡുകളുടെ വിവരം</u>

1896 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ
,, കെ. സുരേഷ് കുറുപ്പ്
,, കെ. വി. അബ്ദുൾ ഖാദർ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും കുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ സി.ഡി.കളുടെ വില്പനയും വ്യാപനവും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആന്റിപൈറസി സെല്ലിന് ഇവ പിടിച്ചെടുക്കാൻ സാദ്ധ്യമായിട്ടുണ്ടോ; കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ആന്റി പൈറസി സെൽ എത്ര റെയ്ഡുകൾ സംഘടിപ്പിച്ചു; വ്യാജ സി.ഡി. കളുടെ വില്പനയുമായി ബന്ധപ്പെട്ട എത്ര കേസുകളിൽ എത്ര പേർ ഇനിയും അറസ്റ്റു ചെയ്യപ്പെടാൻ ബാക്കിയുണ്ട്; എത്ര പേർക്കെതിരെ കേസുകൾ എടുത്തു; എത്രപേർ ശിക്ഷിക്കപ്പെട്ടു; കണക്കുകൾ ലഭ്യമാണോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>കൊടുവള്ളിയിൽ ബാലറ്റ് നശിപ്പിച്ച കേസുകൾ</u>

1897 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളിയിൽ യൂത്ത് കോൺഗ്രസ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ബാലറ്റ് നശിപ്പിക്കുകയും കമ്മ്യൂണിറ്റി ഹാളിന് നാശനഷ്ടം വരുത്തുകയും ചെയ്ത കേസിൽ യൂത്ത് ലീഗ് പ്രവർത്തകർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത്; ആരെല്ലാമാണ് പ്രതികൾ എന്ന് വ്യക്തമാക്കാമോ; ഇവരിൽ എത്ര പേരെ ഇതുവരെയായി അറസ്റ്റ് ചെയ്തിട്ടുണ്ട്;

(സി) കൊടുവള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് തെരഞ്ഞെടുപ്പിലും, യൂത്ത് കോൺഗ്രസ് തെരഞ്ഞെടുപ്പിലും ബാലറ്റുകൾ നശിപ്പിച്ച സംഭവത്തിൽ ഒരേ പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ഗ്രൂപ്പ് വഴക്കിനെ തുടർന്നുള്ള അതിക്രമങ്ങൾ</u>

1898 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോൺഗ്രസ് ഗ്രൂപ്പ് വഴക്കിനെ തുടർന്ന് എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കോൺഗ്രസ്, യൂത്ത്കോൺഗ്രസ്, കെ.എസ്.യു. ഗ്രൂപ്പു വഴക്കിനെ തുടർന്നുണ്ടായ സംഘട്ടനങ്ങളിൽ എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>കോണ്‍ഗ്രസ് പ്രവര്‍ത്തകന്‍ വെട്ടേറ്റ് മരിച്ച സംഭവം</u>

1899 ശ്രീ.കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രൂപ്പ് വഴക്ക് കാരണം സംസ്ഥാനത്തെ ക്രമസമാധാന നില താറുമാറായത് പരിശോധിച്ചിട്ടുണ്ടോ;

(ബി) തൃശ്ശൂര്‍ അയ്യന്തോളില്‍ കോണ്‍ഗ്രസ്സ് പ്രവര്‍ത്തകന്‍ വെട്ടേറ്റു മരിച്ചത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ വെട്ടേറ്റു മരിച്ച ആളുടെ പേരും കോണ്‍ഗ്രസ്സില്‍ വഹിച്ചിരുന്ന സ്ഥാനവും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കൊലപാതക കേസില്‍ എത്ര പ്രതികളെ പിടികൂടിയെന്നും എത്ര പ്രതികളെ പിടികൂടാനുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പ്രതികളുടെ രാഷ്ട്രീയ കക്ഷി ബന്ധവും പ്രതികള്‍ ആ കക്ഷിയില്‍ ഏതൊക്കെ സ്ഥാനങ്ങള്‍ വഹിക്കുന്നവരാണെന്നും വിശദമാക്കുമോ;

(എഫ്) വെട്ടേറ്റു മരിച്ച കോണ്‍ഗ്രസ്സ് പ്രവര്‍ത്തകന്റെ ശവസംസ്കാര ചടങ്ങിലോ, അദ്ദേഹത്തിന്റെ വീട്ടിലോ, കുടുംബത്തെ ആശ്വസിപ്പിക്കാന്‍ മുഖ്യമന്ത്രിയോ, സംസ്ഥാന മന്ത്രിമാരോ, കേന്ദ്ര സഹമന്ത്രിമാരോ സന്ദര്‍ശനം നടത്തിയിട്ടുണ്ടോ;

(ജി) ഉണ്ടെങ്കില്‍ എത്ര തവണ സന്ദര്‍ശിച്ചെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മുങ്ങിമരണങ്ങൾ കുറയ്ക്കാൻ നടപടി</u>

1900 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശരാശരി ഓരോ വർഷവും എത്ര പേർ കിണറുകളിലും, പുഴകളിലും വീണ് മുങ്ങി മരണപ്പെടുന്നുണ്ട്;

(ബി) മരണപ്പെടുന്നവരിൽ അധികവും കുട്ടികളാണ് എന്നതു കണക്കിലെടുത്ത്. വിദ്യാഭ്യാസ - യുവജന ക്ഷേമ വകുപ്പുകളുടെ സഹകരണത്തോടെ, നീന്തൽ പഠിച്ചിരിക്കേണ്ടതുമായി ബന്ധപ്പെട്ട് ബോധവത്കരണം കുട്ടികളിലും, യുവാക്കളിലും നടത്തുന്നതിന് ആഭ്യന്തര വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>ക്രിമിനൽ കേസിൽ പ്രതികളായ പോലീസുദ്യോഗസ്ഥർ</u>

1901 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ക്രിമിനൽ കേസിൽ പ്രതികളായ എത്ര പോലീസുദ്യോഗസ്ഥരുണ്ടെന്ന് വിശദമാക്കാമോ; അവർ ഏതൊക്കെ തസ്തികയിലാണെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ വിജിലൻസ് കേസുകളിൽ പ്രതിയായ എത്ര പോലീസുദ്യോഗസ്ഥരുണ്ടെന്ന് തസ്തിക തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ സ്വഭാവ ദൂഷ്യത്തിനും വകുപ്പുതല നടപടികൾക്കും വിധേയരായ എത്ര പോലീസ് ഉദ്യോഗസ്ഥരുണ്ടെന്ന് തസ്തിക തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് നിലവിൽ സ്ത്രീ പീഡനകേസുകളിൽ പ്രതിയായ എത്ര പോലീസ് ഉദ്യോഗസ്ഥരുണ്ടെന്ന് തസ്തിക തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷൻ പരിസരത്ത് പിടിച്ചിട്ടിട്ടുള്ള വാഹനങ്ങൾ</u>

1902 ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ പോലീസ് സ്റ്റേഷനുകളിലായി വിവിധ കേസ്സുകളിൽപ്പെട്ട എത്ര വാഹനങ്ങളാണ് ഉടമസ്ഥന് നൽകാതെ പോലീസ് സ്റ്റേഷൻ പരിസരത്ത് പിടിച്ചിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങൾ നടപടികൾ പൂർത്തിയാക്കി ലേലം ചെയ്യുകയോ ഫൈൻ ചുമത്തുകയോ ചെയ്ത് ഉടമസ്ഥന് നൽകാതിരിക്കുന്നത് മൂലം പോലീസ് സ്റ്റേഷൻ പരിസരത്തും ചുറ്റും ഉണ്ടായിട്ടുള്ള അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരത്തിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ തന്നെ നടപടികൾ പൂർത്തിയാക്കി സ്റ്റേഷൻ പരിസരത്തു നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ആംവേ ഇന്ത്യയിലെ ചെയര്‍മാനേയും ഡയറക്ടറേയും അറസ്റ്റ് ചെയ്ത നടപടി</u>

1903 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആംവേ ഇന്ത്യയിലെ ചെയര്‍മാനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ വില്യം സ്കോട്ട് പില്‍ക്നിയെയും ഡയറക്ടര്‍മാരേയും അറസ്റ്റ് ചെയ്യാനുണ്ടായ സാഹചര്യം എന്താണെന്ന് അറിയാമോ;

(ബി) ഏതൊക്കെ വകുപ്പ് അനുസരിച്ചുള്ള കുറ്റങ്ങളാണ് ഇവരില്‍ ചുമത്തിയിരിക്കുന്നതെന്ന് അറിയാമോ;

(സി) ഇവരുടെ പേരില്‍ സംസ്ഥാനത്ത് ഏതൊക്കെ പോലീസ് സ്റ്റേഷനുകളില്‍ എത്ര പരാതികള്‍ ലഭിച്ചിരുന്നു; ഇവയില്‍ സ്വീകരിച്ച നടപടികള്‍ എന്തൊക്കെ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

തീരദേശ സംരക്ഷണ അതോറിറ്റിയുടെ പ്രവർത്തനം

1904 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ സംരക്ഷണ അതോറിറ്റി ഏതു വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്;

(ബി) പരിസ്ഥിതി വകുപ്പിന്റെ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം അതോറിറ്റിയ്ക്ക് മേലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) തീരദേശ സംരക്ഷണ അതോറിറ്റി ചെയർമാനെതിരെ എന്തെങ്കിലും തരത്തിലുള്ള വിജിലൻസ്, സി.ബി.ഐ അന്വേഷണം നിലവിലുണ്ടോ?

# കേരള നിയമസഭ
# 17.06.2013–ലെ മറുപടിക്ക്

## തീരദേശ പോലീസ് സ്റ്റേഷൻ

1905 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം തീരദേശ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ സ്ഥാപിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>വിമാനത്താവളം വഴി മനുഷ്യക്കടത്ത്</u>

1906 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളം വഴി മനുഷ്യക്കടത്ത് നടത്തിയതിനെത്തുടർന്ന് വകുപ്പുതല അന്വേഷണം നടന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>വ്യാജപാസ്പോർട്ട് ഉപയോഗിച്ച് മനുഷ്യക്കടത്ത്</u>

1907 ശ്രീ. ബാബു എം. പാലിശ്ശേരി
,, വി. ശിവൻകുട്ടി
,, പി. റ്റി. എ. റഹീം
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് നടന്നുവരുന്ന അനധികൃത മനുഷ്യക്കടത്തുകൾ സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് റിക്രൂട്ടിംഗ് ഏജൻസികളും പെൺവാണിഭ സംഘങ്ങളും മറ്റുമായി ബന്ധമുള്ള എത്ര പേർ ഇനിയും അറസ്റ്റു ചെയ്യപ്പെടാനുണ്ട്;

(സി) വ്യാജപാസ്പോർട്ട് ഉപയോഗിച്ച് മനുഷ്യക്കടത്ത് ഇപ്പോഴും തുടരുന്നതായി അറിയാമോ; കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഇത്തരത്തിൽ എത്ര കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടെന്ന കണക്കുകൾ ലഭ്യമാണോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

## ലഹരി പദാർത്ഥങ്ങൾ കടത്തുന്നത് തടയാൻ നടപടി

1908 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനത്തുനിന്നും കഞ്ചാവ്, പാൻപരാഗ് തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ എത്തുന്നത് തടയാൻ സംസ്ഥാന പോലീസ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അതിർത്തി ചെക്ക് പോസ്റ്റുകളിൽ വാഹനപരിശോധന കർശനമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഈ ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്ത് നിരോധിച്ച ശേഷം ഇത്തരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; ലഹരി പദാർത്ഥങ്ങൾ കടത്തുന്നത് തടയുന്നതിനുവേണ്ടി നിയമഭേദഗതിക്ക് ഉദ്ദേശിക്കുന്നുണ്ടോ; ഇവർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിന് ശ്രമിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

പാൻമസാല ഉൽപ്പന്നങ്ങളുടെ രഹസ്യ വിപണനം

1909 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൻമസാല ഉൽപ്പന്നങ്ങളുടെ രഹസ്യ വിപണനം വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാൻമസാല നിരോധനം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ് കേഡറ്റ് പദ്ധതി</u>

1910 ശ്രീ. വര്‍ക്കല കഹാര്‍
'' ബെന്നി ബെഹനാന്‍
'' വി. ഡി. സതീശന്‍
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്റ്റുഡന്റ് കേഡറ്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്ത് ഇതിന്റെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) ഈ സംവിധാനം കൂടുതല്‍ പ്രോത്സാഹിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികള്‍ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്;

(ഇ) പ്രസ്തുത സംവിധാനം കൂടുതല്‍ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് വിദ്യാര്‍ത്ഥികള്‍ക്ക് നല്‍കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

ഏറനാട് മണ്ഡലത്തിലെ എസ്.പി.സി. സംവിധാനം

1911 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം ഇപ്പോൾ എത്ര സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മലപ്പുറം ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് എസ്.പി.സി. സംവിധാനം നടപ്പിലാക്കുന്നതിനായി പുതുതായി തിരഞ്ഞെടുത്തിട്ടുള്ളത്;

(ഡി) ഏറനാട് മണ്ഡലത്തിലെ കാവന്നൂർ, കീഴുപറമ്പ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>വിസ, ചെക്ക് തട്ടിപ്പുകളുമായി ബന്ധപ്പെട്ട കേസുകൾ</u>

1912 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ വിസ തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കേസ്സുകളുമായി ബന്ധപ്പെട്ട് ഇനിയും പിടികൂടാനുള്ള പ്രതികളുടെ എണ്ണം ലഭ്യമാക്കാമോ ;

(സി) ഈ കാലയളവിൽ സംസ്ഥാനത്ത് ചെക്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് ആകെയുള്ള പ്രതികളുടെ എണ്ണമെത്ര; ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികളുടെ എണ്ണമെത്ര; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 17.06.2013–ലെ മറുപടിക്ക്

<u>കേസന്വേഷണം നേരിടുന്ന മന്ത്രിമാർ</u>

1913 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിലെ എത്ര മന്ത്രിമാർ വിവിധ കേസുകളുടെ ഭാഗമായി നിലവിൽ അന്വേഷണം നേരിടുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോരുത്തരുടേയും കേസ്സുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

ജ: കെ.പി. ബാലചന്ദ്രൻ കമ്മിറ്റി റിപ്പോർട്ട്

1914 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ലോകായുക്ത നിയമങ്ങളും നടപടി ക്രമങ്ങളും പരിഷ്കരിക്കുന്നതിനായി രൂപീകരിച്ച ജസ്റ്റീസ് കെ.പി. ബാലചന്ദ്രൻ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാം?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>വനിതാ പോലീസ് അംഗബലം</u>

1915 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയിലെ അംഗബലം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പോലീസ് സേനയിൽ എത്ര സ്ത്രീകളാണ് ഉള്ളത്;

(സി) കൂടുതൽ വനിതാ പോലീസുകാരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ പ്രമോഷൻ</u>

1916 ശ്രീ.എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര വനിതാ ഡി.വൈ.എസ്.പി. തസ്തികകൾ ഉണ്ട്; എത്ര വനിതാ സി.ഐ.മാർ വീതം ഓരോ ജില്ലയിലും ഉണ്ട്;

(ബി) വനിതാ പോലീസ് സ്ട്രെംഗ്തിന് ആനുപാതികമായി സി.ഐ, ഡി.വൈ.എസ്.പി. തസ്തികകളിൽ പ്രമോഷൻ നൽകുന്നതു പരിഗണിക്കുമോ;

(സി) ഇരുപതു വർഷത്തിലധികമായി സീനിയർ സി.പി.ഒ. ആയി സേവനമനുഷ്ടിക്കുന്ന വനിതാ പോലീസ് ഉദ്യോഗസ്ഥരെ എസ്.ഐ.മാരായി റേഷ്യോ പ്രമോഷൻ നൽകി നിയമിക്കുമോ;

(ഡി) വനിതാസെല്ലിൽ എസ്.പി.മാരായി വനിതകളെ നിയമിക്കുമോ;

(ഇ) ഹെൽപ് ലൈനിലെ എസ്.ഐ. പോസ്റ്റുകൾ വനിതകൾക്കായി സംവരണം ചെയ്യുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം</u>

1917 ശ്രീ. എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.ഐ. തസ്തികയിലും തുടർന്നുള്ള പ്രൊമോഷൻ തസ്തികകളിലും ഒരു ജില്ലയിൽ മാത്രം സേവനമനുഷ്ഠിക്കുന്നവരെ മറ്റ് ജില്ലകളിലേയ്ക്ക് മാറ്റി നിയമിക്കുന്നത് പരിഗണിക്കുമോ;

(ബി) പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന മോശം പെരുമാറ്റത്തിനെതിരെ നൽകുന്ന പരാതികളിൽ പരാതിക്കാർക്ക് സംരക്ഷണം ഉറപ്പുവരുത്തുന്ന ഒരു നിയമഭേദഗതി പരിഗണിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>സബ് ഇൻസ്പെക്ടർ ഓഫ് പോലീസിന്റെ ഒഴിവുകൾ</u>

1918 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സബ് ഇൻസ്പെക്ടർ ഓഫ് പോലീസിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ആലത്തൂർ ഫയർസ്റ്റേഷന് പുതിയ കെട്ടിടം</u>

1919 ശ്രീ.എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം ഇല്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വർഷങ്ങളായി ആലത്തൂർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ പ്രവർത്തിച്ചു വരുന്ന ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(സി) ഭൂമിക്കു ക്രമാതീതമായ വിലവർദ്ധനവ് ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ 50 സെന്റ് സ്ഥലം വേണമെന്ന നിബന്ധന ഇളവു ചെയ്ത് ആവശ്യത്തിനുള്ള സ്ഥലം അക്വയർ ചെയ്ത് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ഫയർ സ്റ്റേഷന്റെ ദുരവസ്ഥ പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

**അങ്കമാലി ഫയർ & റസ്ക്യൂ സ്റ്റേഷനിലെ വാഹനങ്ങളും ഉപകരണങ്ങളും**

1920 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ഫയർ & റസ്ക്യൂ സ്റ്റേഷനിലെ പഴക്കം ചെന്ന വാഹനങ്ങളും ഉപകരണങ്ങളും മാറ്റാത്തതുമൂലം അടിയന്തിര ഘട്ടങ്ങളിൽ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്കമാലി ഫയർ & റസ്ക്യൂ സ്റ്റേഷനിൽ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പീരുമേട്ടിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ</u>

1921 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു കോടി രൂപ മുടക്കി പീരുമേട്ടിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ പണി പൂർത്തീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങുന്നതിന് ആവശ്യമായ വാഹനങ്ങളും, ഉപകരണങ്ങളും വാങ്ങുന്നതിനും, ജീവനക്കാരുടെ തസ്തിക അനുവദിക്കുന്നതിനും എന്തൊക്കെ നടപടി സ്വീകരിച്ചു;

(സി) ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷന്റെ പ്രവർത്തനം എന്നു തുടങ്ങുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>എമർജൻസി റെസ്ക്യൂ ടെൻഡർ</u>

1922

**ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലുള്ള ഫയർ ആന്റ് റെസ്ക്യൂ സേനാ വിഭാഗത്തിലാണ് "എമർജൻസി റെസ്ക്യൂ ടെൻഡറി"ന്റെ സേവനം നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത വാഹനം ഒന്നിലേറെയുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

ആലപ്പുഴ ഫയർ സ്റ്റേഷനിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കൽ

1923 ശ്രീ. ജി.സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷന്റെ നിലവിലുള്ള സ്ട്രെങ്ത് എത്രയാണെന്ന് അറിയിക്കാമോ;

(ബി) 100 കിലോമീറ്ററിലേറെ ദേശീയപാത, തീരദേശം, ഹൗസ്ബോട്ടുകൾ, കയർ ഫാക്ടറികൾ, ചെമ്മീൻ സംസ്കരണ ഫാക്ടറികൾ, കടൽ ക്ഷോഭം, വെള്ളപ്പൊക്കം, വാഹന അപകടങ്ങൾ കൂടുതലുള്ള പ്രദേശം എന്നിവ പരിഗണിച്ച് ആലപ്പുഴ ഫയർ & റസ്ക്യൂ സ്റ്റേഷന്റെ സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>വിജിലന്‍സ് അന്വേഷണത്തിനായി കൈമാറിയ കേസ്സുകള്‍</u>

1924

ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം വിജിലന്‍സ് അന്വേഷണത്തിനായി കൈമാറിയ എത്ര കേസ്സുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം പിന്‍വലിച്ച എത്ര വിജിലന്‍സ് കേസ്സുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസ്സുകളേതെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 17.06.2013–ലെ മറുപടിക്ക്

<u>തീർപ്പാക്കാത്ത വിജിലൻസ് കേസുകൾ</u>

1925 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് തിർപ്പാക്കാത്ത എത്ര വിജിലൻസ് കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ടോൾഫ്രീ നമ്പർ വഴി വിജിലൻസിന് ഇതുവരെ ലഭിച്ച പരാതികൾ എത്രയാണ്;

(സി) ഇതിൽ പ്രാഥമികാന്വേഷണത്തിന് ശേഷം തുടരന്വേഷണത്തിന് വിട്ട കേസുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

വിജിലൻസ് കേസ് അന്വേഷണത്തിലുള്ള സർക്കാർ ഇടപെടലുകൾ

1926

ശ്രീ. എ. കെ. ബാലൻ
,, ജി. സുധാകരൻ
,, കെ. കെ. ജയചന്ദ്രൻ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് കേസുകളുടെ അന്വേഷണത്തിൽ സർക്കാർ ഇടപെടലുകൾ ഇല്ലെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥന്മാർ അന്വേഷണ വിവരങ്ങളും വിശദാംശങ്ങളും മന്ത്രിമാരും മറ്റ് ഉന്നത ഉദ്യോഗസ്ഥന്മാരുമായി പങ്ക് വയ്ക്കുന്നത് ശരിയാണോ;

(സി) അന്വേഷണങ്ങളിൽ ഇടപെടുന്നത് അധാർമ്മികവും അധികാര ദുർവിനിയോഗവുമാണെന്ന കാര്യം സർക്കാർ പരിഗണിക്കാറുണ്ടോ;

(ഡി) എങ്കിൽ അന്വേഷണ ഉദ്യോഗസ്ഥന്മാരെ സമ്മർദ്ദത്തിലാക്കാൻ ഇടയാക്കുന്ന നടപടികളിൽ നിന്നും പിന്തിരിയാൻ തയ്യാറാകുമോ;

(ഇ) വിജിലൻസിനെ സ്വതന്ത്രമായി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ഐ. എ. എസ്, ഐ. പി. എസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ</u>

1927 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്ന എത്ര ഐ. എ. എസ്, ഐ. പി. എസ് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഒന്നിലധികം കേസ്സുകൾ നിലവിലുള്ളവരുണ്ടോ; ഇത്തരം ഐ. എ. എസ്, ഐ. പി. എസ് ഉദ്യോഗസ്ഥരുടെ പേരുവിവരം പ്രത്യേകം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

കൈക്കൂലി കേസിൽ അറസ്റ്റ് ചെയ്യപ്പെട്ടവർ

1928 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2013 ഏപ്രിൽ 30 വരെ കൈക്കൂലി കേസിൽ സംസ്ഥാനത്ത് അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>കാലാവധി പൂർത്തിയാക്കിയ തടവുകാർ</u>

T-1929 ശ്രീ. എം. ഉമ്മർ
,, കെ. എൻ. എ. ഖാദർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശിക്ഷാ കാലാവധി പൂർത്തിയായശേഷവും ജയിലുകളിൽ തുടരുന്ന വനിതകളുൾപ്പെടെയുളളവരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അത്തരത്തിലുളള എത്രപേരുണ്ട്; വെളിപ്പെടുത്തുമോ;

(ബി) ഇവർ കാലാവധിക്കു ശേഷവും ജയിലുകളിൽതന്നെ തുടരാനുണ്ടായ കാരണങ്ങളെന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) അവരുടെ മോചനത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>അന്യരാജ്യക്കാരായ തടവുകാർ</u>

1930

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ അന്യരാജ്യക്കാരായ എത്ര തടവുകാരാണ് ഇപ്പോൾ ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ രാജ്യം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

ശിക്ഷാകാലാവധി കഴിഞ്ഞ തടവുകാരുടെ മോചനം

1931 ശ്രീമതി കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശിക്ഷാ കാലാവധി കഴിഞ്ഞ തടവുകാർ സംസ്ഥാനത്തെ ജയിലുകളിൽ ഇപ്പോഴും തടവിൽ കഴിയുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം തടവുകാരെ ജയിൽ മോചിതരാക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**17.06.2013-ലെ മറുപടിക്ക്**

<u>സാമൂഹ്യ വിരുദ്ധ പ്രവർത്തനം തടയൽ നിയമപ്രകാരം കരുതൽ തടങ്കലിൽ പാർപ്പിച്ചവർ</u>

1932 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സംസ്ഥാനത്ത് സാമൂഹ്യവിരുദ്ധ പ്രവർത്തനം തടയൽ നിയമ പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിച്ചവരുടെ എണ്ണം എത്രയാണ്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് പുറപ്പെടുവിച്ച കരുതൽ തടങ്കൽ ഉത്തരവുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ജയിലിലെ തടവുകാരെ സ്വകാര്യ കരാറുകാരന്റെ ജോലിയ്ക്കായി നിയോഗിച്ച നടപടി</u>

1933 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വിവിധ ജയിലുകളിലായി എത്ര പുരുഷ-വനിതാ തടവുകാരുണ്ട്; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തടവുകാർക്ക് തൊഴിലിനായി സർക്കാർ നിശ്ചയിച്ച കൂലി എത്ര;

(സി) നെട്ടുകാൽത്തേരി തുറന്ന ജയിലിലെ 20 തടവുകാരെ മൂന്നുമാസമായി പൂജപ്പുര സെൻട്രൽ ജയിലിലെ സ്വകാര്യ കരാറുകാരന്റെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളുടെ തൊഴിലാളികളായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുവഴി തടവുകാർക്ക് ഇക്കാലയളവിൽ ഓരോ ദിവസവും നൽകിയ കൂലി എത്ര; ഇത്തരത്തിൽ എന്ത് തുക ഇതേവരെ ഇവർക്ക് ലഭിച്ചു; വ്യക്തമാക്കുമോ;

(ഇ) ഇത്തരത്തിൽ തടവുകാരെ സ്വകാര്യ കരാറുകാർക്കുള്ള തൊഴിൽ നിർവ്വഹണത്തിന് നിയോഗിക്കാൻ ഈ സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) തടവുകാരെ ഇപ്രകാരം ജോലിക്ക് നിയോഗിച്ച ജയിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ആരെല്ലാം; ഇവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ;

**കേരള നിയമസഭ**
**17.06.2013-ലെ മറുപടിക്ക്**

(ജി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തെ ജയിലുകളില്‍ ജഡ്ജിമാരുടെ പരിശോധനയില്‍ ജയില്‍ ഉദ്യോഗസ്ഥരുടെ അനാസ്ഥ, കൃത്യവിലോപം, മദ്യകുപ്പി കണ്ടെത്തല്‍ തുടങ്ങി എന്തെല്ലാം കാര്യങ്ങള്‍ റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ട്; ആയതിന്റെ ഫലമായി എത്ര ജയില്‍ ഉദ്യോഗസ്ഥര്‍ക്കെതിരെ നടപടി സ്വീകരിച്ചു; അവര്‍ ആരെല്ലാമെന്നും അവര്‍ വഹിച്ച പദവി ഏതാണെന്നും വ്യക്തമാക്കുമോ;

(എച്ച്) ജയിലുകളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കാനും തടവുകാരെ നിയമപരമല്ലാത്ത പ്രവൃത്തികള്‍ക്ക് നിയോഗിക്കുന്നതും തടയാന്‍ എന്തുനടപടി ഈ സര്‍ക്കാര്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?